Page 1 of 3

(ബി) കുട്ടികൾ പഠിക്കുന്ന അതത് വിഷയങ്ങളിലെ തൊഴിൽ പഠന സാധ്യതകളെക്കുറിച്ചും സിവിൽ സർവ്വീസ് പരീക്ഷയെക്കുറിച്ചുമാണ് വിദ്യാർത്ഥികൾക്ക് 2014-15 വർഷത്തിൽ പരിചയപ്പെടുത്തിയിട്ടുള്ളത്.

(സി) സ്കൂൾ തലത്തിൽ അധ്യാപകർ തെരഞ്ഞെടുക്കുന്ന മികവുറ്റ വിദ്യാർത്ഥികളെ ജില്ലാ തലത്തിൽ സ്ക്രീനിംഗ് ടെസ്റ്റ് നടത്തിയാണ് സിവിൽ സർവ്വീസ് പരീക്ഷാ പരിശീലന പരിപാടിയിലേക്ക് തെരഞ്ഞെടുത്തത്. സംസ്ഥാന സിവിൽ സർവ്വീസ് അക്കാഡമിയാണ് ജില്ലാതല പരീക്ഷയുടെ ചോദ്യപേപ്പർ തയ്യാറാക്കിയത്. സ്കൂൾതല പരിപാടികൾക്ക് സ്കൂളിലെ എല്ലാ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തുന്നു.

## കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനം

6 (*246) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. എം. എ. ബേബി :
ശ്രീ. എസ്. ശർമ്മ :
ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) സർവ്വകലാശാലയിൽ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്ന നടപടി ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇത് എന്നത്തേക്ക് പൂർത്തിയാകുമെന്ന് അറിയിക്കാമോ ;

(സി) അഫിലിയേഷൻ പൂർത്തിയാകുമ്പോൾ എത്ര എഞ്ചിനീയറിംഗ് കോളേജുകൾ സർവ്വകലാശാലയ്ക്ക് കീഴിൽ വരുമെന്ന് വ്യക്തമാക്കാമോ ;

(ഡി) എഞ്ചിനീയറിംഗ് കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഇ) നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്നതും നിലവാരം കുറഞ്ഞതുമായ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അഫിലിയേഷൻ നൽകാനുദ്ദേശിക്കുന്നുണ്ടോ ; ഇതു സംബന്ധിച്ച നയം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്):

(എ) കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല 2014 സെപ്റ്റംബർ മാസം വൈസ് ചാൻസിലറും, പ്രൊ-വൈസ് ചാൻസിലറും ചുമതലയേറ്റതോടുകൂടി പ്രവർത്തനം ആരംഭിച്ചു. തുടർന്ന് രജിസ്ട്രാറും, കൺട്രോളർ ഓഫ് എക്സാമിനേഷനും നിയമിതരായി. 2015-16 അക്കാഡമിക് വർഷം, ഒന്നാം വർഷ ബി. ടെക്, എം ടെക് ക്ലാസ്സുകൾ നടത്തുന്നതിനായി സ്കീമും, സിലബസ്സും തയ്യാറായിട്ടുണ്ട്. ഇതനുസരിച്ച് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിനുള്ള അനുമതിയും കോളേജുകൾക്ക് നൽകിയിട്ടുണ്ട്. എം. ടെക് കോഴ്സുകളുടേയും റഗുലേഷൻ പൂർത്തിയായിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ബി.ടെക്, എം. ടെക് കോഴ്സുകൾ നടത്തുന്ന എ. ഐ. സി. ടി. ഇ അംഗീകാരമുള്ള എല്ലാ എഞ്ചിനീയറിംഗ് കോളേജുകളും (മറ്റു സർവ്വകലാശാലകൾ നേരിട്ട് നടത്തുന്നവ ഒഴികെ) ഈ സർവ്വകലാശാലയോട് പ്രൊവിഷണലായി അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത കോളേജുകളുടെ ഇൻസ്പെക്ഷൻ സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ വിദഗ്ധരുടെ ഒരു പാനലിനെ വച്ച് പൂർത്തീകരിക്കുകയും അതിൽ നിന്ന് ലഭിച്ച റിപ്പോർട്ടുകൾ പഠന വിധേയമാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. റിപ്പോർട്ടുകൾ പരിശോധന നടത്തി കോളേജുകളുടെ നിലവാരം വിലയിരുത്തിയശേഷം അഫിലിയേഷൻ നൽകാനാണ് ഉദ്ദേശിക്കുന്നത്.

(സി) പ്രൊവിഷണൽ അഫിലിയേഷൻ നൽകിയിട്ടുള്ളത് പ്രകാരം 154 കോളേജുകളാണ് ഉള്ളത്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) എ. ഐ. സി. ടി. ഇ യുടെ അംഗീകാരമുള്ളതും സർക്കാർ അംഗീകാര മുള്ളതുമായ കോളേജുകൾക്കാണ് എ. ഐ. സി. ടി. ഇ നിശ്ചയിച്ച മാനദണ്ഡപ്രകാരം അഫിലിയേഷൻ നൽകിയിരിക്കുന്നത്. എ. ഐ. സി. ടി. ഇ 2015-16-ൽ പുറത്തിറക്കിയ അപ്രൂവൽ പ്രോസസ് ഹാന്റ് ബുക്കിൽ ഉള്ള മാനദണ്ഡങ്ങളാണ് കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല സ്വീകരിച്ചിരിക്കുന്നത്.

(ഇ) എ.ഐ.സി.ടി.ഇ. നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിക്കുന്ന എഞ്ചിനീ യറിംഗ് കോളേജുകൾക്ക് മാത്രമാണ് അഫിലിയേഷൻ നൽകാൻ ഉദ്ദേശിക്കുന്നത്.



LIBRARY ARCHIVES Kerala Legislative Assembly

## ഭൂസംരക്ഷണസേനയുടെ ഘടനയും പ്രവർത്തന വിപുലീകരണവും

7 (*247) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭൂസംരക്ഷണസേനയുടെ ഘടനയും പ്രവർത്തനവും സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) സംസ്ഥാനത്ത് വ്യാപകമായി നടക്കുന്ന ഭൂമി കൈയ്യേറ്റങ്ങൾ തടയുന്നതിന് ഉതകും വിധം സേനയെ സജ്ജമാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം ജില്ലകളിൽ ഭൂസംരക്ഷണ സേന പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ ;

(ഡി) സംസ്ഥാനത്തെ വൻകിട കയ്യേറ്റങ്ങൾ തടയുന്നതിനും കയ്യേറ്റ ഭൂമി തിരിച്ചു പിടിക്കുന്നതിനും ഭൂസംരക്ഷണസേനയുടെ പ്രവർത്തനം വിപുലീകരിക്കാൻ തയ്യാറാകുമോ ;

(ഇ) ഭൂസംരക്ഷണ സേനയുടെ പ്രവർത്തനഫലമായി എത്ര അളവിൽ കയ്യേറ്റ ഭൂമി തിരിച്ചു പിടിക്കാനായിട്ടുണ്ടെന്ന് വിശദമാക്കാമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) ഇടുക്കി ജില്ലാ കളക്ടറുടെ നിയന്ത്രണത്തിൽ, സായുധസേനയിൽ നിന്നും വിരമിച്ച 10 വിമുക്തഭടന്മാരാണ് നിലവിൽ ഭൂസംരക്ഷണ സേനയിലെ അംഗങ്ങൾ. സർക്കാർ ഭൂമിയിലെ കൈയ്യേറ്റങ്ങൾ തടയുന്നതിനും, ഒഴിപ്പിച്ചെടുത്ത സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനുമായിട്ടാണ് ഭൂസംരക്ഷണസേനയ്ക്ക് രൂപം നൽകിയിരിക്കുന്നത്. നിരീക്ഷണത്തിന് നൽകിയിരിക്കുന്ന സർക്കാർ ഭൂമിയിൽ കുറഞ്ഞത് മൂന്ന് എണ്ണമെങ്കിലും ഒരു ദിവസം സേനാംഗങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly